




❙ എ.വൈ.ആർ


സൂറ-18

# അൽ കഹ്ഫ്

قَالَ لَهُۥ مُوسَىٰ هَلْ أَتَّبِعُكَ عَلَىٰٓ أَن تُعَلِّمَنِ مِمَّا عُلِّمْتَ رُشْدًا ٦٦

**66.** മൂസാ അദ്ദേഹത്തോടു ചോദിച്ചു: ഞാൻ അങ്ങയെ അനുഗമിക്കട്ടെയോ, അങ്ങ് പഠിപ്പിക്കപ്പെട്ടിട്ടുള്ള ജ്ഞാനം എന്നെ പഠിപ്പിക്കാൻ.

قَالَ إِنَّكَ لَن تَسْتَطِيعَ مَعِىَ صَبْرًا ٦٧

**67.** അദ്ദേഹം പ്രസ്താവിച്ചു: നിങ്ങൾക്ക് എന്റെ കൂടെ ക്ഷമിച്ചു കഴിയാൻ സാധിക്കുകയില്ല.

وَكَيْفَ تَصْبِرُ عَلَىٰ مَا لَمْ تُحِطْ بِهِۦ خُبْرًا ٦٨

**68.** നിങ്ങളുടെ ജ്ഞാനത്തിന് ഉൾക്കൊള്ളാനാവാത്ത സംഗതികൾ ക്ഷമിക്കുന്നതെങ്ങനെ?

قَالَ سَتَجِدُنِىٓ إِن شَآءَ ٱللَّهُ صَابِرًا وَلَآ أَعْصِى لَكَ
أَمْرًا ٦٩

**69.** മൂസാ ബോധിപ്പിച്ചു: ഇൻശാഅല്ലാഹ് (ദൈവേച്ഛയുണ്ടെങ്കിൽ) അങ്ങേക്ക് എന്നെ ക്ഷമാശീലനായിത്തന്നെ കാണാം. ഒരു കാര്യത്തിലും ഞാൻ അങ്ങയുടെ കൽപ്പന ധിക്കരിക്കുന്നതല്ല.

قَالَ فَإِنِ ٱتَّبَعْتَنِى فَلَا تَسْـَٔلْنِى عَن شَىْءٍ حَتَّىٰٓ أُحْدِثَ لَكَ مِنْهُ ذِكْرًا ٧٠

**70.** അദ്ദേഹം പറഞ്ഞു: എന്നെ അനുഗമിക്കുകയാണെങ്കിൽ, എന്റെ ഒരു നടപടിയെക്കുറിച്ചും നിങ്ങൾ എന്നോടു ചോദിക്കരുത്. അതിന്റെ പാഠം ഞാനായിട്ട് വിശദീകരിച്ചുതരുന്നതുവരെ.

فَٱنطَلَقَا حَتَّىٰٓ إِذَا رَكِبَا فِى ٱلسَّفِينَةِ خَرَقَهَا ۖ قَالَ أَخَرَقْتَهَا لِتُغْرِقَ أَهْلَهَا
لَقَدْ جِئْتَ شَيْـًٔا إِمْرًا ٧١

**71.** ഈ ഉടമ്പടിയിൽ ഇരുവരും സഞ്ചരിച്ചു തുടങ്ങി. അങ്ങനെയിരിക്കെ അവർ ഒരു കപ്പലിൽ കയറി. അദ്ദേഹം ആ കപ്പൽ ഓട്ടപ്പെടുത്തിക്കളഞ്ഞു. മൂസാ ചോദിച്ചു: അങ്ങ് കപ്പൽ ഓട്ടപ്പെടുത്തിയതെന്ത്; ഇതിലെ യാത്രക്കാരെ മുക്കിക്കൊല്ലാൻ?! ഇച്ചെയ്തത് ഗുരുതരമായ വിക്രിയയാണല്ലോ.

قَالَ أَلَمْ أَقُلْ إِنَّكَ لَن تَسْتَطِيعَ مَعِىَ صَبْرًا ٧٢

**72.** അദ്ദേഹം ചോദിച്ചു: എന്റെ കൂടെ ക്ഷമിച്ചു കഴിയാൻ നിങ്ങൾക്കാവില്ലെന്ന് നേരത്തെ പറഞ്ഞിരുന്നില്ലെയോ?

قَالَ لَا تُؤَاخِذْنِى بِمَا نَسِيتُ وَلَا تُرْهِقْنِى مِنْ أَمْرِى عُسْرًا ٧٣

**73.** മൂസാ ബോധിപ്പിച്ചു: മറന്നുപോയതിന്റെ പേരിൽ എന്നെ ശിക്ഷിക്കരുതേ! എന്റെ ദൗത്യത്തിൽ എന്നെ ഞെരുക്കാതിരുന്നാലും!

ഞാൻ അങ്ങയെ അനുഗമിക്കട്ടെയോ? = هَلْ أَتَّبِعُكَ മൂസാ അദ്ദേഹത്തോടു പറഞ്ഞു(ചോദിച്ചു) = قَالَ لَهُۥ مُوسَىٰ

അങ്ങ് പഠിപ്പിക്കപ്പെട്ടതിൽനിന്ന് = مِمَّا عُلِّمْتَ അങ്ങ് എന്നെ പഠിപ്പിക്കു(ക്കാൻ)ന്നതിന്മേൽ = عَلَىٰٓ أَن تُعَلِّمَنِ

തീർച്ചയായും നിങ്ങൾ = إِنَّكَ അദ്ദേഹം പ്രസ്താവിച്ചു = قَالَ ജ്ഞാന(ം)ത്താൽ = رُشْدًا

ക്ഷമയെ(മിച്ചു) = صَبْرًا എന്നോടൊപ്പം (കഴിയാൻ) = مَعِىَ നിങ്ങൾക്ക് ഒരിക്കലും കഴിയില്ല = لَن تَسْتَطِيعَ

നീ ക്ഷമിക്കുന്നു(ന്നത്) = تَصْبِرُ എങ്ങനെ = وَكَيْفَ

നീ സൂക്ഷ്മ ജ്ഞാനത്താൽ വലയം ചെയ്തിട്ടില്ലാത്തതിനെ = خُبْرًا عَلَىٰ مَا لَمْ تُحِطْ بِهِۦ

(നിങ്ങളുടെ ജ്ഞാനത്തിന് ഉൾക്കൊള്ളാനാവാത്ത സംഗതികൾ)

അല്ലാഹു ഇഛിച്ചുവെങ്കിൽ = إِن شَآءَ ٱللَّهُ ശേഷം അങ്ങ് എന്നെക്കാണും = سَتَجِدُنِىٓ പറഞ്ഞു(മൂസാ ബോധിപ്പിച്ചു) = قَالَ

ഞാൻ അങ്ങയുടെ കൽപ്പന ധിക്കരിക്കുന്നതല്ല = وَلَآ أَعْصِى لَكَ أَمْرًا ക്ഷമിക്കുന്നവ(ക്ഷമാശീല)നായി (തന്നെ) = صَابِرًا

നീ എന്നോട് ചോദിക്കരുത് = فَلَا تَسْـَٔلْنِى നീ എന്നെ അനുഗമിക്കുകയാണെങ്കിൽ = فَإِنِ ٱتَّبَعْتَنِى അദ്ദേഹം പറഞ്ഞു = قَالَ

ഒരു വസ്തുവിനെ(എന്റെ ഒരു നടപടിയെ)ക്കുറിച്ചും = عَن شَىْءٍ

ഞാൻ സംസാരിക്കു(ഞാനായിട്ട് വിശദീകരിച്ചു തരു)ന്നതുവരെ = حَتَّىٰٓ أُحْدِثَ لَكَ

അതിൽനിന്നുള്ള ഉദ്ബോധനം(അതിന്റെ പാഠം) = مِنْهُ ذِكْرًا

(ഈ ഉടമ്പടിയിൽ) ഇരുവരും പോയി(സഞ്ചരിച്ചു തുടങ്ങി) = فَٱنطَلَقَا

ഒരു കപ്പലിൽ = فِى ٱلسَّفِينَةِ ഇരുവരും കയറുവോളം (അങ്ങനെയിരിക്കെ ഇരുവരും കയറി) = حَتَّىٰٓ إِذَا رَكِبَا

പറഞ്ഞു (മൂസാ ചോദിച്ചു) = قَالَ അദ്ദേഹം (ഖിളിർ) ആ കപ്പൽ ഓട്ടപ്പെടുത്തിക്കളഞ്ഞു = خَرَقَهَا

അങ്ങ് മുക്കിക്കൊല്ലാൻ = لِتُغْرِقَ അങ്ങ് അത് ഓട്ടപ്പെടുത്തിയോ (കപ്പൽ ഓട്ടപ്പെടുത്തിയതെന്ത്) = أَخَرَقْتَهَا

തീർച്ചയായും അങ്ങ് കൊണ്ടുവന്നു(ഇച്ചെയ്തത്) = لَقَدْ جِئْتَ അതിന്റെ ആളുകളെ (യാത്രക്കാരെ) = أَهْلَهَا

അദ്ദേഹം പറഞ്ഞു (ചോദിച്ചു) = قَالَ ഗുരുതരമായ വിക്രിയ (ആണല്ലോ) = شَيْـًٔا إِمْرًا

തീർച്ചയായും നിങ്ങൾ = إِنَّكَ ഞാൻ (നേരത്തെ) പറഞ്ഞിരുന്നല്ലെയോ = أَلَمْ أَقُلْ

ക്ഷമ(മിച്ചു കഴിയാൻ) = صَبْرًا എന്റെ കൂടെ = مَعِىَ നിങ്ങൾക്ക് ഒരിക്കലും കഴിയില്ല = لَن تَسْتَطِيعَ

എന്നെ ശിക്ഷിക്കരുതേ = لَا تُؤَاخِذْنِى അദ്ദേഹം പറഞ്ഞു (മൂസാ ബോധിപ്പിച്ചു) = قَالَ

അങ്ങ് എന്നെ ഞെരുക്കാതിരുന്നാലും = وَلَا تُرْهِقْنِى ഞാൻ മറന്നതിന്ന്(ന്നുപോയതിന്റെ പേരിൽ) = بِمَا نَسِيتُ

ക്ലേശത്താൽ = عُسْرًا എന്റെ കാര്യത്തിൽനിന്ന് (ദൗത്യത്തിൽ) = مِنْ أَمْرِى

**66-70.** താൻ തേടുന്ന ഗുരുവുമായുള്ള മൂസാ(അ)യുടെ പ്രഥമ സമാഗമം നിവേദനങ്ങൾ വർണിക്കുന്നത് ഇങ്ങനെ സംഗ്രഹിക്കാം: മൂസാ (അ) ഖിളിറിനെ സലാം കൊണ്ട് അഭിവാദ്യം ചെയ്തു. ഖിളിർ പ്രതികരിച്ചു: "നിങ്ങളാരാണ്? നിങ്ങളുടെ ഭൂമിയിൽ എങ്ങനെ സമാധാനമുണ്ടാവാൻ?" മൂസാ: "ഞാൻ മൂസായാകുന്നു." ഖിളിർ: "ഇസ്രാഈൽ ഗോത്രത്തിലെ മൂസയോ?" മൂസാ: "അതെ, അല്ലാഹു അങ്ങയെ പഠിപ്പിച്ചിട്ടുള്ള വിശേഷജ്ഞാനം അങ്ങ് എനിക്ക് പകർന്നു തരുന്നതിനുവേണ്ടിയാണ് ഞാൻ വന്നിരിക്കുന്നത്. ഞാൻ അങ്ങയുടെ സഹവാസിയും സഹയാത്രികനുമായി വർത്തിച്ചുകൊള്ളട്ടെയോ?" ഖിളിർ: "എന്നെ അനുഗമിക്കരുതെന്ന് ഞാൻ പറയുന്നില്ല. പക്ഷേ എന്റെ കൂടെ ക്ഷമിച്ചുകഴിയാൻ നിങ്ങൾക്കു സാധിക്കുകയില്ല, മൂസാ, അല്ലാഹുവിൽനിന്ന് നിങ്ങൾക്കു ലഭിച്ചിട്ടില്ലാത്ത സവിശേഷമായ ഒരു ജ്ഞാനം എനിക്കു ലഭിച്ചിട്ടുണ്ട്. അതനുസരിച്ചാണ് ഞാൻ ചരിക്കുന്നത്. അല്ലാഹു നിങ്ങൾക്കും ജ്ഞാനം നൽകിയിട്ടുണ്ട്. ആ ജ്ഞാനം എനിക്കില്ല. നിങ്ങൾ നിങ്ങളുടെ ജ്ഞാനപ്രകാരം ചരിക്കുന്നു. നാമോരോരുത്തരും അവരവർക്കു ലഭിച്ച ദൈവികശാസനകളനുസരിക്കാൻ ബാധ്യസ്ഥരാണ്. എന്നോടുള്ള ചില കൽപ്പനകൾ നിങ്ങളോടുള്ള കൽപ്പനകളിൽനിന്ന് തികച്ചും വ്യത്യസ്തമാകുന്നു. എന്റെ നടപടികൾ നിങ്ങൾക്ക് തീരെ അരോചകവും അസഹ്യവുമായിരിക്കും. ഞാൻ നിങ്ങളെ കുറ്റപ്പെടുത്തുകയല്ല. കാര്യങ്ങളുടെ ആന്തരിക യാഥാർഥ്യങ്ങളും അഗോചര പരിണതികളും അറിഞ്ഞുകൂടാത്ത ബാഹ്യ ജ്ഞാനികൾക്ക് അകവും പുറവും അറിയുന്നവരുടെ

ചെയ്തികളോടു യോജിക്കാൻ കഴിയാതിരിക്കുക സ്വാഭാവികമാണ്. പക്ഷേ എന്നെ വിശ്വാസത്തിലെടുക്കാതെ എന്റെ നടപടികളെ സംശയിക്കുകയും നിരന്തരം ചോദ്യം ചെയ്യുകയും ചെയ്യുന്ന ഒരാളെ ശിഷ്യനായി സ്വീകരിക്കാൻ എനിക്ക് കഴിയില്ലല്ലോ. മൂസാ(അ) പറഞ്ഞു: ഇൻശാഅല്ലാഹ്-ഞാൻ അങ്ങയോടൊപ്പം ക്ഷമാശീലനായിത്തന്നെ വർത്തിക്കുന്നത് അങ്ങേക്ക് കാണാനാകുമെന്നാണെന്റെ പ്രതീക്ഷ. ഞാൻ അങ്ങയുടെ ഒരു നടപടിയെയും ചോദ്യം ചെയ്യുകയോ ധിക്കരിക്കുകയോ ഇല്ല.

ഖിളിർ ആ വാഗ്ദാനം സ്വീകരിച്ചു. ശരി, നിങ്ങൾക്ക് എന്നെ അനുഗമിക്കാം. പക്ഷേ ഒരു വ്യവസ്ഥയുണ്ട്. നിങ്ങൾക്ക് മനസ്സിലാക്കാനാവാത്ത പലതും ഞാൻ പ്രവർത്തിച്ചെന്നിരിക്കും. അതെക്കുറിച്ചൊന്നും എന്നോട് ഒന്നും ചോദിച്ചുപോകരുത്. സമയമാകുമ്പോൾ എല്ലാം ഞാൻ തന്നെ വിശദീകരിച്ചുതരും. അതുവരെ ക്ഷമയോടെ കാത്തിരിക്കേണം.

മൂലത്തിലെ رشد ന്റെ അർഥം നേരത്തെ 10-ാം സൂക്തത്തിനു താഴെ വിശദീകരിച്ചിട്ടുണ്ട്. പ്രപഞ്ച പ്രവർത്തനത്തിന്റെ രഹസ്യങ്ങളുമായി ബന്ധപ്പെട്ട അഗോചര ജ്ഞാനമാണ് ഇവിടെ അതുകൊണ്ട് വിവക്ഷിച്ചിട്ടുള്ളത്. ഖിളിർ പ്രത്യേകമായി പഠിപ്പിക്കപ്പെട്ടത് അതായിരുന്നു. പ്രവാചകന്മാർ ജ്ഞാനത്തിലും സിദ്ധിയിലും ശ്രേഷ്ഠതയിലുമൊക്കെ വ്യത്യസ്തരായിരിക്കും. അല്ലാഹു ഓരോ പ്രവാചകനും നൽകുന്നത് അവരുടെ സാഹചര്യം ആവശ്യപ്പെടുന്ന അറിവുകളും കഴിവുകളുമാണ്. ഏൽപിക്കപ്പെടുന്ന ദൗത്യത്തിന്റെ ഗൗരവത്തെയും അതിൽ അവർ അർപ്പിക്കുന്ന ത്യാഗപരിശ്രമങ്ങളുടെയും അടിസ്ഥാനത്തിൽ അവർ തമ്മിൽ ശ്രേഷ്ഠതയിലും ഔന്നത്യത്തിലും വ്യത്യാസമുണ്ടാകും. تِلْكَ ٱلرُّسُلُ فَضَّلْنَا بَعْضَهُمْ عَلَىٰ بَعْضٍ (ആ ദൈവദൂതന്മാർ, അവരിൽ ചിലരെ നാം ചിലരെക്കാൾ ശ്രേഷ്ഠരാക്കിയിട്ടുണ്ട്-2:253) وَلَقَدْ فَضَّلْنَا بَعْضَ ٱلنَّبِيِّـۧنَ عَلَىٰ بَعْضٍ (ചില പ്രവാചകന്മാർക്ക് മറ്റുചിലരെക്കാൾ നാം തീർച്ചയായും ശ്രേഷ്ഠതയരുളിയിട്ടുണ്ടായിരുന്നു-17:55). ചിലരോട് അല്ലാഹു നേരിൽ സംസാരിച്ചു. ചിലരെ തന്റെ സുഹൃത്ത് (خليل) എന്നുവിളിച്ചാദരിച്ചു. ചിലർക്ക് വേദം നൽകി. ചിലരെ രാജാക്കന്മാരാക്കി. പ്രവാചകന്മാരുടെ ദിവ്യാത്ഭുത പ്രകടനങ്ങളിലും (معجزات) വ്യത്യാസമുണ്ടായിരുന്നു. മൂസാനബിയുടെ മുഖ്യ ദിവ്യാത്ഭുതം നിലത്തിട്ടാൽ സർപ്പമാകുന്ന വടിയായിരുന്നു. മണ്ണുകൊണ്ട് ജന്തുക്കളുടെ രൂപമുണ്ടാക്കി അതിനു ജീവൻ നൽകലും മാറാരോഗങ്ങൾ മാറ്റലുമായിരുന്നു ഈസാ(അ)യുടെ ദിവ്യാത്ഭുതങ്ങൾ. സ്വാലിഹ് നബിയുടേത് ഒരു ഒട്ടകമായിരുന്നു. വിജ്ഞാന ദാനത്തിലും ഈ വ്യത്യാസം കാണാം. ചിലർക്ക് പുതിയ ധർമ വ്യവസ്ഥയും വേദവും (الكتاب والشريعة) നൽകി. ചിലർക്ക് നിലവിലുള്ള വേദവും ധർമവ്യവസ്ഥയും നിലനിർത്താനാവശ്യമായ വെളിപാടുകൾ നൽകി. ചിലരെ അതിഭൗതിക രഹസ്യങ്ങളിൽ ചിലതു പഠിപ്പിച്ചു. അക്കൂട്ടത്തിലൊരു പ്രവാചകനായിരുന്നു ഖിളിർ എന്നു കരുതാം. സമകാലീനരായ ഇസ്രാഈലി പ്രവാചകന്മാർ പലരും പരസ്പരം ബന്ധപ്പെട്ടു പ്രവർത്തിച്ചിരുന്നതായി ബൈബിളിൽ നിന്നു മനസ്സിലാക്കാം. മൂസാ നബിയുടെ ജ്യേഷ്ഠസഹോദരൻ ഹാറൂൻ അദ്ദേഹത്തിന്റെ സഹപ്രവാചകനായിരുന്നുവല്ലോ. വേദാധികാരവും മുഖ്യപദവിയും മൂസാ നബിക്കായിരുന്നു. ഇബ്റാഹീം നബിയും ലൂത്ത് നബിയും വ്യത്യസ്ത ദേശങ്ങളിലാണ് പ്രവർത്തിച്ചതെങ്കിലും ആദ്യ കാലത്ത് ലൂത്ത്(അ) ഇബ്റാഹീം(അ)ന്റെ ശിഷ്യനായിരുന്നു. ഇതെല്ലാം പരിഗണിക്കുമ്പോൾ മൂസാ(അ) ഖിളിർ നബിയുടെ ശിഷ്യത്വം തേടിയതിൽ അസാധാരണത്വമില്ല. തനിക്ക് ലഭിച്ചിട്ടില്ലാത്തതും ഖിളിറിന് ലഭിച്ചിട്ടുള്ളതുമായ ചില അറിവുകൾ അദ്ദേഹത്തിൽനിന്നും തേടുകയായിരുന്നു മൂസാ(അ). ഖിളിർ നബി മൂസാ(അ)യെക്കാൾ ശ്രേഷ്ഠനായിരുന്നു എന്ന് ഇതിനർഥമില്ല. തനിക്കില്ലാത്ത ചില ജ്ഞാനങ്ങൾ അല്ലാഹു മൂസാക്ക് നൽകിയിട്ടുണ്ടെന്ന് ഖിളിർ നബി തന്നെ പറയുന്നതായി കഥകളിൽ കാണുന്നുണ്ട്. ഖിളിറിന് പ്രത്യേക വേദവും ശരീഅത്തും നൽകിയതായി കാണുന്നില്ല. മൂസാ(അ) ഏറ്റെടുത്തതുപോലുള്ള വിപുലമായ പ്രബോധനവും സമുദായ വിമോചന ദൗത്യവും അദ്ദേഹം ഏറ്റെടുത്തിട്ടുമില്ല.

തന്റെ യാതൊരു നടപടിയെക്കുറിച്ചും താനായിട്ട് വിശദീകരിക്കുന്നതുവരെ ചോദിക്കരുത് എന്ന ഖിളിറിന്റെ ഉപാധി മൂസാ നബി സവിനയം സ്വീകരിച്ചു. ഖിളിർ അദ്ദേഹത്തെ ശിഷ്യനായി സ്വീകരിക്കുകയും ചെയ്തു. മൂസാ നബിയുമായി സന്ധിച്ച സ്ഥലത്ത് സ്ഥിരതാമസക്കാരനായിരുന്നില്ല ഖിളിർ എന്നാണ് കഥനശൈലിയിൽനിന്ന് മനസ്സിലാകുന്നത്.

മൂസാ നബിയുടെ ശിഷ്യത്വാഭ്യർഥനയും അനുസരണ വാഗ്ദാനവും ഖിളിറിന്റെ ഉപാധിയുമൊക്കെ ഗുരു-ശിഷ്യ മര്യാദകൾക്കുള്ള ഖുർആനിക പ്രമാണങ്ങളായി വിലയിരുത്തപ്പെട്ടിട്ടുണ്ട്. അനുസരണം വിദ്യാർഥി ലക്ഷണം എന്നത് സാർവലൗകിക തത്ത്വമാണല്ലോ. പാഠങ്ങൾ ഗുരു വിശദീകരിച്ചു കഴിയുംമുമ്പ് ശിഷ്യന്മാർ അദ്ദേഹത്തോട് തർക്കിക്കാൻ മുതിരുന്നത് അച്ചടക്കരാഹിത്യമാണ്. മൂസാനബിയുടേത് ഒരു പരിശീലന(തർബിയത്തി)യാത്രയായതിനാൽ ഈ പാഠങ്ങൾ ഏറെ പ്രസക്തമാകുന്നു. ഒരു സംഭവം കണ്ട ഉടനെ പ്രതികരിക്കുന്നത് സാധാരണഗതിയിൽ വലിയ കുറ്റമൊന്നുമല്ല. പക്ഷേ ഗുരു നേരത്തെ വിലക്കിയിട്ടുണ്ടെങ്കിൽ ആ നടപടി തെറ്റും അച്ചടക്കലംഘനവുമാകുന്നു. ഇടക്കുകയറി ചോദ്യങ്ങളുന്നയിക്കുന്നത് ആ ഗുരു ഇത്ര കർശനമായി വിലക്കിയതെന്തിനാണെന്ന് കൃത്യമായി പറയാൻ നമുക്കു കഴിയില്ല. ഒരു പക്ഷേ മൂസാ നബിയെ അച്ചടക്കം പഠിപ്പിക്കാൻ തന്നെയാവാം. ഖിളിറിന്റെ നടപടികളിൽ പൊതുവിൽ നിഗൂഢതയുണ്ടായിരുന്നുവല്ലോ. അതുപോലെ ഈ നടപടിക്കു പിന്നിലും മറ്റെന്തെങ്കിലും രഹസ്യമുണ്ടെന്നും വരാം. എത്ര അറിവുള്ളവരായാലും തങ്ങളെക്കാൾ അറിവുള്ളവരെ ആദരിക്കണം, അവരുടെ അടുത്തുചെന്ന് കൂടുതൽ പഠിക്കാൻ ശ്രമിക്കണം, അതിനുവേണ്ടി എത്ര ദൂരം സഞ്ചരിക്കാനും ഏതു ക്ലേശവും അനുഭവിക്കാനും തയാറാവണം തുടങ്ങിയ പാഠങ്ങളും ഈ സൂക്തങ്ങൾ ഉൾക്കൊള്ളുന്നു.

**71.** ഖിളിറും മൂസാ(അ)യും തമ്മിലുണ്ടാക്കിയ കരാറനുസരിച്ച് ഇരുവരും ഒന്നിച്ചു സഞ്ചരിച്ചു തുടങ്ങി. ഇടക്ക് മൂസാ നബിക്ക് മനസ്സിലാക്കാനാകാത്ത ചില ചെയ്തികളൊക്കെ അദ്ദേഹത്തിൽ നിന്നുണ്ടായിട്ടുണ്ടാവാം. ഗുരുവുമായുള്ള കരാറോർത്ത് മൂസാ(അ) അതെക്കുറിച്ച് ഒന്നും മിണ്ടിയിരിക്കില്ല. അങ്ങനെ യാത്ര തുടർന്നു. സമുദ്ര തീരത്തിലൂടെയായിരുന്നു യാത്ര. ഇടക്ക് അവരുടെ ലക്ഷ്യത്തിലേക്ക് നീങ്ങുന്ന ഒരു കപ്പൽ കണ്ടു. തങ്ങളെയും കപ്പലിൽ കയറ്റണമെന്ന അവരുടെ ആവശ്യം കപ്പൽക്കാർ സ്വീകരിച്ചു. അവർ ഖിളിറിനെ അറിയുന്നവരും ആദരിക്കുന്നവരുമായിരുന്നുവെന്നും, കൂലിയൊന്നും വാങ്ങാതെയാണ് കപ്പലിൽ കയറ്റിയതെന്നും ചില നിവേദനങ്ങളിൽ കാണുന്നു.

കപ്പൽ സമുദ്രമദ്ധ്യേ അവരെയുംകൊണ്ട് സഞ്ചരിച്ചുകൊണ്ടിരിക്കെ ഖിളിർ അതിവിചിത്രമായ ഒരു പണി ചെയ്തു. അദ്ദേഹം മഴുവെടുത്ത് കപ്പലിന്റെ മുകൾഭാഗം വെട്ടിപ്പൊളിച്ച് അതിന്റെ ഒരു പലക ഊരിയെടുത്തു. കപ്പലിന്ന് വലിയ ദ്വാരമുണ്ടായി. വലിയൊരു തിരയടിക്കുകയോ കപ്പലൊന്നു ഉലയുകയോ ചെയ്താൽ ഉള്ളിലേക്ക് വെള്ളം ഇരച്ചുകയറും. കപ്പൽ കടലിൽ താഴും. അതിലുള്ളവരെല്ലാം മുങ്ങി മരിക്കും. തങ്ങൾക്ക് സഹായം നൽകിയ കപ്പൽക്കാരോട് ഗുരു ചെയ്ത ഈ അപകടകരമായ കുചേഷ്ഠിതം കണ്ട് വിഹ്വലനായ മൂസാക്ക് സഹിക്കാനായില്ല. അദ്ദേഹം ഗുരുവുമായി ചെയ്ത കരാറൊക്കെ മറന്ന് പെട്ടെന്ന് ചോദിച്ചുപോയി. എന്താണങ്ങീ ചെയ്തത്? ഈ കപ്പലിലുള്ളവരെയെല്ലാം മുക്കിക്കൊല്ലാൻ പോവുകയാണോ? വലുതായി, പെരുത്തു എന്നർഥമുള്ള أَمِرَ യിൽ നിന്നുള്ളതാണ് إِمْر, ഗുരുതരം, ഭയങ്കരം, വിചിത്രം, ആപൽക്കരം എന്നൊക്കെ പ്രയോഗാർഥം.

**72–73.** നേരത്തെ നൽകിയ വാക്ക് ലംഘിച്ച് തനിക്കുനേരെ വിമർശനമുന്നയിച്ച മൂസാനബിയെ ഖിളിർ ആക്ഷേപിക്കുകയോ ശകാരിക്കുകയോ ചെയ്തില്ല. താൻ ആദ്യമേ പറഞ്ഞുവെച്ച കാര്യം ഓർമിപ്പിക്കുകയാണ് ചെയ്തത്. അതുവഴി, താൻ നേരത്തെ ആശങ്കിച്ചതുപോലെ താങ്കൾ അക്ഷമനാകുന്നുവെന്ന് മൂസാനബിയെ ഉണർത്തുകയാണദ്ദേഹം. അനേകമാളുകളുടെ അപകട മരണത്തിനിടയാക്കുന്ന കൊടിയ അക്രമം ഒരു കാരണവുമില്ലാതെ ചെയ്യുന്നത് മനുഷ്യത്വമുള്ളവർക്കൊന്നും നിശബ്ദമായി നോക്കിനിൽക്കാനാവില്ല. അതിനാൽ മൂസാ (അ) ആക്ഷേപാർഹനായ അപരാധിയാകുന്നില്ല. പക്ഷേ, തനിക്കുൾക്കൊള്ളാൻ കഴിയാത്ത കാര്യങ്ങളുടെ പൊരുളെന്തെന്ന് താൻ വിശദീകരിച്ചുകൊടുക്കുന്നതുവരെ കാത്തിരിക്കാമെന്ന് ചെയ്ത കരാർ പാലിക്കുന്നതിൽ അദ്ദേഹം പരാജയപ്പെട്ടു. അതാണ് ഖിളിർ ഓർമിപ്പിക്കുന്നത്. മൂസാ(അ) തന്റെ വീഴ്ച സമ്മതിച്ചു. കരാറിന്റെ കാര്യം മറന്നുപോയതിനാൽ സംഭവിച്ച പിഴ പൊറുക്കണമെന്നും, അമൂല്യമായ ജ്ഞാനം നേടുക എന്ന തന്റെ ദൗത്യത്തെ ഉപാധിയുടെ കാർക്കശ്യംകൊണ്ട് പ്രയാസപ്പെടുത്തരുതെന്നും അദ്ദേഹം ഗുരുവിനോടപേക്ഷിച്ചു.

إرهاقൽ നിന്നുള്ള ക്രിയയാണ് ترهق. ഒരാളെ ദുർവഹമായ ഭാരം വഹിപ്പിക്കുന്നതിനും അപകടത്തിൽ പെടുത്തുന്നതിനും ارهقه എന്നുപറയും. لا ترهقني عسرا എന്നാൽ, എന്നെ ക്ലേശഭാരം കൊണ്ട് മൂടരുതേ എന്നും ഉദ്ദേശ്യമാവാം. عسر ക്ലേശവും കടുപ്പവുമാണ്. امرى എന്റെ കാര്യമാണ്. താങ്കളുമായി സഹവസിച്ചു ജ്ഞാനം നേടാനുള്ള എന്റെ പരിശ്രമം എന്നാണിവിടെ ഉദ്ദേശ്യം. ■